മംഗളം
14 February 2017

# കേന്ദ്ര സമുദ്രമത്സ്യ ഗവേഷണകേന്ദ്രം സപ്തതി

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണകേന്ദ്രം (സി.എം.എഫ്.ആർ.ഐ.) സപ്തതി ആഘോഷിക്കുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷം 18ന് ഉച്ചകഴിഞ്ഞ് 2.30ന് ഗവർണർ പി. സദാശിവം ഉദ്ഘാടനം ചെയ്യും. ഭാരതീയ കാർഷിക ഗവേഷണ കേന്ദ്രം (ഐ.സി.എ.ആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ: ജെ.കെ. ജെന അധ്യക്ഷത വഹിക്കും. സമുദ്ര മത്സ്യമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിനും കരുത്ത് പകർന്നത് സി.എം.എഫ്.ആർ.ഐയുടെ ഗവഷണ പഠനങ്ങളാണ്. കൊച്ചി ആസ്ഥാനത്തിനു പുറമേ, ഗുജറാത്തിലെ വെരാവൽ, മുംബൈ, വിശാഖപട്ടണം, കർണാടകയിലെ കാർവാർ, ചെന്നൈ, മണ്ഡപം, തൂത്തുകുടി, മംഗലാപുരം, കോഴിക്കോട്, വിഴിഞ്ഞം, ഒഡീഷയിലെ പുരി, പശ്ചിമ ബംഗാളിലെ ദിഘ എന്നിവിടങ്ങളിൽ ഗവേഷണ കേന്ദ്രങ്ങളും പതിനഞ്ചോളം ഫീൽഡ് സെന്ററുകളുമുണ്ട്. കൂടാതെ, എറണാകുളം ഞാറക്കലിൽ കൃഷി വിജ്ഞാന കേന്ദ്രവുമുണ്ട്. 10 വിവിധ ഡിവിഷനുകളിലായി 154 ശാസ്ത്രജ്ഞരും 600 ലേറെ ജീവനക്കാരുമുണ്ട്.